ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സ്കൂളുകൾ നടത്തുന്നതിനു വേണ്ടി ആരും വാടകയ്ക്കു് കെട്ടിടം ഉണ്ടാക്കിവയ്ക്കുന്ന പതിവു് ഇല്ല. അതു കൊണ്ടു് ചിലപ്പോൾ ബഹു: മെംബർ പറഞ്ഞതുപോലെ സംഭവിക്കാനിടയുണ്ടു്.

ശ്രീ. കെ. കൃഷ്ണപിള്ള : പ്രൈമറിസ്കൂളുകൾ നടത്തുന്ന വാടകക്കെട്ടിടങ്ങൾക്കു് പകരം സ്ഥിരമായ പുതിയ കെട്ടിടങ്ങൾകെട്ടുന്ന കാര്യത്തെപ്പറ്റി ആലോചിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആലോചിക്കാം.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : വാടകക്കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ തീർക്കുന്നതു ഉടമസ്ഥൻ തന്നെയാണോ അതോ ഗവണ്മെൻറിൽ നിന്നു വല്ല സഹായവും ചെയ്തുകൊടുക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉടമസ്ഥൻ തന്നെയാണു് അതിനുവേണ്ടി ചെലവു ചെയ്യേണ്ടതു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ചില സ്കൂൾ കെട്ടിടങ്ങൾ അപകടകരമായ നിലയിലാണു് സ്ഥിതി ചെയ്യുന്നതെന്നുള്ള വിവരം അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ വരാം.

ശ്രീ. പി. എം. മാക്കോസു് : തറയിൽ വീഴാറായ ഒരു കെട്ടിടത്തിനെ കമ്പികൊണ്ടു് കെട്ടിനിറുത്തി അവിടെ സ്കൂൾ നടത്തിക്കൊണ്ടിരിക്കയാണെന്നുള്ള വിവരം മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല.

വി. ആർ. ഡി. റോഡുകൾ.

*393. [20] ശ്രീ. ടി. എ. മജീദു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വി. ആർ. ഡി. വകുപ്പിലുള്ള റോഡുകൾ മെയിൻറനൻസു നടത്തുവാൻ എന്തെങ്കിലും വ്യവസ്ഥ നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ അവ്വിധം റോഡുകളുടെ സംരക്ഷണച്ചുമതല എങ്ങനെ നടക്കണമെന്നാണു് ഗവണ്മെൻറു നിബന്ധന ;

(സി) മെയിൻറനൻസിനു് എസ്റ്റാടല്ലാത്തതുമൂലം ഇത്തരം റോഡുകൾക്കു വേണ്ടി ചെലവഴിക്കുന്ന തുക വ്യർത്ഥമായിപ്പോകുന്നുണ്ടോ ;

(ഡി) ഈ റോഡുകൾ മെയിൻറനൻസു് നടത്തുവാൻ പി. ഡബ്ളിയു. ഡി—യെ ഏല്പിക്കുവാൻ അടിയന്തിരനടപടി എടുക്കുമോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ഉണ്ടു്.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എ. മജീദ് : വി. ആർ. ഡി. വകുപ്പിലുള്ള റോഡുകൾ പി. ഡബ്ളിയു. ഡി-യിൽനിന്നും മെയിൻറനൻസ് നടത്തുന്ന പതിവുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : എല്ലാം ഗവണ്മെൻറാണ് നടത്തുന്നത്.

ശ്രീ. ടി. എ. മജീദ് : പി. ഡബ്ളിയു. ഡി-യിൽ നിന്നും മെയിൻറനൻസ് നടത്താതെയുള്ള വി. ആർ. ഡി. റോഡുകൾ ഉണ്ടെന്ന് അറിയാമോ ?

ശ്രീ. കെ. ഐ. വേലായുധൻ : ഉണ്ടെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീ. ടി. പി. സീതാരാമൻ : വി. ആർ. ഡി. റോഡുകൾ രാജ്യത്തിൻറെ ഏതെല്ലാം ഭാഗത്തുണ്ടെന്ന് അറിയാമോ ?

ശ്രീ. കെ. ഐ. വേലായുധൻ : വി. ആർ. ഡി. റോഡുകൾ അധികവും തിരുവിതാംകൂർ ഭാഗത്താണുള്ളത്.

ശ്രീ. ടി. പി. സീതാരാമൻ : ഈ റോഡുകൾ മെയിൻറനൻസ് ചെയ്യുന്നതിന് എന്ത തുകയാണ് അനുവദിച്ചുകൊടുക്കുന്നത് ?

ശ്രീ. കെ. ഐ. വേലായുധൻ : നോട്ടീസുവേണം.

ശ്രീ. ടി. പി. സീതാരാമൻ : അവക്ക് അനുവദിച്ചുകൊടുക്കുന്ന തുക വളരെ കുറവാണെന്ന് അറിയാമോ ?

ശ്രീ. കെ. ഐ. വേലായുധൻ : പി. ഡബ്ളിയു. ഡി-യെക്കാൾ താരതമ്യേന കുറവാണെന്ന് അറിയാം.

ശ്രീ. ടി. പി. സീതാരാമൻ : തിരുവിതാംകൂർ വിഭാഗത്തും പഞ്ചായത്തുകളും വന്നതുകൊണ്ട് റോഡുകളിൽ മെയിൻറനൻസിനുള്ള കുഴപ്പങ്ങളെ സംബന്ധിച്ച് ഒരു ഏകീകൃതനയം എടുക്കുവാൻ ആലോചിക്കുമോ ?

ശ്രീ. കെ. ഐ. വേലായുധൻ : ആലോചിക്കാം.

ശ്രീ. എം. വി. ചെറിയാൻ : ഈ റോഡുകളുടെ മെയിൻറനൻസ് ഇനത്തിൽ പഞ്ചായത്തിന് വലിയ നഷ്ടം വരുന്നുണ്ടെന്നുള്ള കുഴപ്പം അറിയാമോ ?

ശ്രീ. കെ. ഐ. വേലായുധൻ : അറിവില്ല. ഉണ്ടെങ്കിൽ അതേപ്പറ്റി അന്വേഷിക്കാം.

തൊഴിൽത്തർക്കങ്ങൾ.

* 394. [21] ശ്രീ. ടി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1955 ജനുവരി മാസം മുതൽ ഇതേവരെയായി സംസ്ഥാനത്ത് എത്ര തൊഴിൽത്തർക്കങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ബി) ഇതിൽ എത്രയെണ്ണം അഡ്ജുഡിക്കേഷനു വിട്ടിട്ടുണ്ട് ; ഏതെല്ലാം തർക്കങ്ങൾ ;

LIBRARY ARCHIVES Kerala Legislative Assembly